Syro Malabar Commission for Liturgy



# നോമ്പ് മൂന്നാം ശനി - മത്താ 21: 28-32

ഈശോയുടെ വചനങ്ങൾ കേട്ടതിനുശേഷം രണ്ടു രീതിയിൽ പ്രതികരിക്കുന്നവരെക്കുറിച്ചാണ് ഈ സുവിശേഷഭാഗം.സ്വർഗരാജ്യം തങ്ങളുടെ സ്വന്തമാണെന്നു കരുതിയിരുന്ന യഹൂദരെ ഉദ്ദേശിച്ചാണ് ഈശോ രണ്ടുപുത്രന്മാരുടെ ഉപമ അരുൾചെയ്യുന്നത്. യോഹന്നാൻ മാംദാനയുടെ വാക്കനുസരിച്ച് മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കുവാൻ യഹൂദർ തയ്യാറായില്ല. അവർ തങ്ങളുടെ തെറ്റുകളിൽത്തന്നെ തുടരുകയാണ് ചെയ്തത്. കർത്താവേ, കർത്താവേ എന്നു വിളിക്കുന്നവരല്ല സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയെന്ന (മത്താ 7: 21) ഈശോയുടെ പ്രബോധനം അവർ നിരാകരിക്കുന്നു. അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും സന്ദേശവുമായി വന്ന യോഹന്നാനെയും ഈശോയെയും യഹൂദർ തള്ളിപ്പറഞ്ഞപ്പോൾ ചുങ്കക്കാരും പാപികളും സ്നാപകന്റെയും ഈശോയുടെയും വാക്കുകൾ കേട്ട് മാനസാന്തരപ്പെടുകയും ദൈവത്തിലേക്ക് തിരിയുകയും ചെയ്തു. ഈശോയുടെ വചനങ്ങൾ കേട്ടതിനുശേഷം ക്രിയാത്മകമായ രീതിയിൽ പ്രതികരിക്കാം. അനുതപിച്ച് ദൈവഹിതം നിറവേറ്റാൻ എപ്പോഴും ജാഗ്രത പുലർത്താം.

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ്,കാക്കനാട്        Read More:www.syromalabarliturgy.org